LIBRARY ARCHIVES Kerala Legislative Assembly

സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം

68 (4650) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ.ബി.-യുടെ ആഭിമുഖ്യത്തിൽ സൗരോർജ്ജത്തിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചുവരുന്നത് ; പ്രസ്തുത പദ്ധതി വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന വ്യക്തമാക്കുമോ ?

ഉത്തരം

കെ.എസ്.ഇ.ബി. സ്വന്തം നിലയിൽ സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയത് കമ്മീഷൻ ചെയ്തിട്ടില്ല. എന്നാൽ സംസ്ഥാനത്തെ എൽ.റ്റി.എച്ച്.റ്റി. ഉപഭോക്താക്കളുടെ സൗരോർജ്ജ പാനലുകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന പദ്ധതി പ്രകാരം 10 ഉപഭോക്താക്കളിൽനിന്നായി 0.304 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പാനലുകൾ ശൃംഖലയുമായി നാളിതുവരെ ബന്ധിപ്പിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും ധനസഹായം

69 (4651) ശ്രീ.ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും കെ.എസ്.ഇ.ബി. നൽകുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) I. ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം :

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനു കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമോ അപകടമരണമോ സംഭവിക്കുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നഷ്ടപരിഹാരനിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായും സാമ്പത്തിക ആനുകൂല്യങ്ങൾ നല്കി വരുന്നു. ഇപ്രകാരം താഴെ പറയുന്ന നഷ്ട പരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട് :

(i) മരണാനന്തര നഷ്ടപരിഹാരം :

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ.
2. ശവസംസ്കാര ചെലവിനായി 5,000-രൂപ.
3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യങ്ങൾ 5 ലക്ഷം രൂപ.
4. 2011-ലെ ദീർഘകാല കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ആശുപത്രികളിലെ ചികിത്സയ്ക്ക് വേണ്ടിവരുന്ന പൂർണ്ണമായ ചികിത്സാചെലവ്.
5. സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽനിന്നും ലഭിക്കുന്നു.
6. അപകടമരണം സംഭവിക്കുന്ന ജീവനക്കാരന്റെ അനന്തരാവകാശികളിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനം.

(ii) അപകടത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം :

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.

LIBRARY ARCHIVES Kerala Legislative Assembly

2. അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ചികിത്സയും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നല്കുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസികാ നഷ്ടപരിഹാരമോ പ്രത്യേക അവശതാ അവധിയോ.

3. 2011-ലെ ദീർഘകാല കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ആശുപത്രികളിലെ ചികിത്സക്ക വേണ്ടി വരുന്ന പൂർണ്ണമായ ചികിത്സാ ചെലവ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എങ്കിലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്ക് ബോർഡിന്റെ തീരുമാനത്തിന് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസരിച്ച് പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസ ധനസഹായവും (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ) 2011-ലെ Officers Pay Revision-ലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ആശുപത്രികളിലെ ചികിത്സയ്ക്ക് വേണ്ടിവരുന്ന പൂർണ്ണമായ ചികിത്സാചെലവും നല്കുന്നു. ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്കുനല്കുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

2. <u>കരാർ തൊഴിലാളികൾക്ക് നല്കുന്ന നഷ്ടപരിഹാരം</u> :

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെകീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമരണം സംഭവിക്കുകയാണെങ്കിൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് താഴെപറയുന്ന ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും നല്കിവരുന്നു :

LIBRARY ARCHIVES Kerala Legislative Assembly

(i) മരണാനന്തര നഷ്ടപരിഹാരം :

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ

2. ശവസംസ്കാര ചെലവിനായി 5,000-രൂപ.

(ii) അപകടത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് നല്കുന്ന നഷ്ടപരിഹാരം :

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതിക മായ അവശതാ നഷ്ടപരിഹാരം.

2. അപകടം സംഭവിയ്ക്കുന്ന തൊഴിലാളികൾക്ക് ചികിത്സയും വിശ്രമത്തിനും ശിപാർശ ചെയ്യുകൊണ്ട് ഡോക്ടർ നല്കുന്ന നിർദ്ദിഷ്ടമാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധ-മാസികാ നഷ്ടപരിഹാരം.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിയ്ക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിയ്ക്കും; മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിയ്ക്കുന്ന തൊഴിലാളികളുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് കമ്പനിയിൽ/ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റി / കരാറുകാരനിൽനിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിയ്ക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മിഷണർ/ ഡെപ്യൂട്ടി ലേബർ കമ്മിഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിയ്ക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നല്കുന്ന ദിവസം വരെയുള്ള കാലയളവിലേക്ക് നഷ്ടപരിഹാരതുകയുടെ 12% പലിശയുൾപ്പെടെ ലഭിയ്ക്കുന്നതിന് മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(iii) അപകടം സംഭവിയ്ക്കുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് നല്കുന്ന നഷ്ടപരിഹാരം :

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതി അപകടങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി താഴെപറയുന്ന ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും ലഭിക്കുന്നു :

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റ് വരെ) വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് 'വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായമായി 5 ലക്ഷം രൂപ (1-6-2014 മുതൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

2. എന്നാൽ അശ്രദ്ധ, സൂക്ഷ്മതക്കുറവ് എന്നിവമൂലം വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് 'വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ (1-6-2014 മുതൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

3. മാരകമല്ലാത്ത അപകടം സംഭവിയ്ക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി 5 ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

4. എന്നാൽ അശ്രദ്ധ, സൂക്ഷ്മതക്കുറവ് എന്നിവ മൂലം വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിയ്ക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി ഒരു ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(iv) അപകടം സംഭവിയ്ക്കുന്ന വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് നല്കുന്ന നഷ്ടപരിഹാരം :

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് ആശ്വാസ ധനസഹായമായി 25,000 രൂപയും (1-6-2014 മുതൽ) എന്നാൽ അശ്രദ്ധ, സൂക്ഷ്മതക്കുറവ് എന്നിവമൂലം വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് ആശ്വാസ ധനസഹായമായി പരമാവധി 10,000 രൂപയും (1-6-2014 മുതൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊതു ജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതി അപകടങ്ങൾക്ക് നൽകുന്ന ധനസഹായത്തെ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിനു കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമോ അപകടമരണമോ സംഭവിയ്ക്കുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം (Employees' Compensation Act, 1923) അനുസരിച്ചാണ് നഷ്ടപരിഹാരം നൽകിവരുന്നത്.

പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ബിൽ കുടിശ്ശിക

70 (4652) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ബിൽ കുടിശ്ശികയിൽ ഗാർഹിക ഉപഭോക്താക്കളുടെ ബിൽ കുടിശ്ശിക എത്ര ; കോമേഴ്സ്യൽ ആൾക്കാരുടെ കുടിശ്ശിക എത്ര; വൻകിട വ്യവസായികളുടെ കുടിശ്ശിക എത്ര ; ഇവകൾ പ്രത്യേകമായി വിവരിയ്ക്കാമോ ;

(ബി) ഏറ്റവും കൂടുതൽ ബിൽ കുടിശ്ശികയായുള്ള പ്രൈവറ്റ് സ്ഥാപനം ഏതാണ്;

(സി) ഇവർക്കെതിരെ വൈദ്യുതി വിച്ഛേദിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly